**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ നിന്നും നീറ്റ് 2017 യോഗ്യത നേടിയതിന്റെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ്/ ബി.ഡി.എസ്-ന് അഡ്മിഷൻ എടുക്കുന്നതിനായി വിടുതൽ വാങ്ങുകയും ഉയർന്ന ഫീസ് ആയതിനാൽ അഡ്മിഷൻ എടുക്കാൻ സാധിക്കാതെ വരികയും ചെയ്ത വിദ്യാർത്ഥികൾക്ക് അതാത് കോളേജുകളിൽത്തന്നെ പുനഃപ്രവേശനം നൽകാൻ നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ. (സാധാ) നം.421 /2017/ആയുഷ് തീയതി, തിരുവനന്തപുരം, 31.08.2017

---

പരാമർശം: ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി സമക്ഷം ശ്രീ. പ്രദീപ് കുമാർ. ടി.വി 29.08.2017 ൽ സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിൽ ബി.എ.എം.എസിന് അഡ്മിഷൻ ലഭിച്ച കുമാരി അനശ്വരാ പ്രദീപ് എന്ന വിദ്യാർത്ഥിനിയ്ക്ക് ഹയർ ഓപ്ഷൻ പ്രകാരം കോഴിക്കോട് മലബാർ മെഡിക്കൽ കോളേജിൽ എംബിബിഎസ്സിന് അഡ്മിഷൻ ലഭിച്ചതിനാൽ വൈദ്യരത്നം കോളേജിൽ നിന്നും ടി.സി വാങ്ങിയെങ്കിലും ഉയർന്ന ഫീസ് കാരണം എംബിബിഎസ്സിന് അഡ്മിഷൻ എടുത്തിട്ടില്ലെന്നും ആയതിനാൽ നേരത്തെ അഡ്മിഷൻ എടുത്ത ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിൽ ബി.എ.എം.എസ് കോഴ്സിന് പുനഃപ്രവേശനം നൽകണമെന്നും അഭ്യർത്ഥിച്ച് മേൽ പരാമർശം പ്രകാരം വിദ്യാർത്ഥിനിയുടെ പിതാവ് ശ്രീ. പ്രദീപ്കുമാർ നിവേദനം സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. NEET 2017 ലെ റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനപരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം എം.ബി.ബി.എസ്/ബിഡിഎസ് അഡ്മിഷൻ നേടുന്നതിനായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കോളേജുകളിൽ നിന്നും ടി.സി വാങ്ങിയ

വിദ്യാർത്ഥികളിൽ പലർക്കും ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവ് പ്രകാരം പുതുക്കിയ ഉയർന്ന ട്യൂഷൻ ഫീസ് നൽകി പഠിക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി ഇല്ലാത്തതിനാൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സിന് അഡ്മിഷൻ എടുക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഈ കുട്ടികൾ വിടുതൽ വാങ്ങിയ അതാത് കോളേജുകളിൽ തന്നെ അവർ ടി.സി വാങ്ങിയപ്പോൾ ഉണ്ടായ ഒഴിവുകളിൽ പുനഃപ്രവേശനം നൽകുവാൻ നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി. ശ്രീനിവാസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ആയുർവേദ കോളേജ് പ്രിൻസിപ്പൽമാർക്കും/ എല്ലാ സ്വാശ്രയ/എയ്ഡഡ് ആയുർവേദ കോളേജ് പ്രിൻസിപ്പൽമാർക്കും (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ